

## ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻതോട്
### കണ്ടക്കടവ്, അണ്ടിക്കടവ്, കൊച്ചി 08



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**2025-26 ലെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനുള്ള സ്കൂൾതല പ്രവർത്തനപദ്ധതിരൂപരേഖ**

# ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻതോട്
## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | എറണാകുളം |
| 2. സ്കൂൾ കോഡ് | : | 26003 |
| 3. സ്കൂളിന്റെ പേര് | : | ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻതോട് |
| 4. മേൽവിലാസം | : | ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻതോട്<br>കണ്ടക്കടവ്, അണ്ടിക്കടവ്<br>കൊച്ചി 08 |
| 5. പിൻകോഡ് | : | 682008 |
| 6. ഫോൺ നമ്പർ | : | 0484 2247499 |
| 7. ഇ-മെയിൽ അഡ്രസ് | : | ghssputhenthode@gmail.com |
| 8, ഗ്രാമ പഞ്ചായത്ത് | : | ചെല്ലാനം |
| 9. വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| 10.സബ്ജില്ല | : | മട്ടാഞ്ചേരി |
| 11. ക്ലാസുകൾ | : | പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ |
| 12. മാനേജമെന്റ് | : | ഗവൺമെന്റ് |
| 13. പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |
| 14. അസംബ്ലി നിയോജകമണ്ഡലം | : | കൊച്ചി |
| 15. പാർലമെന്റ്നിയോജകമണ്ഡലം | : | എറണാകുളം |
| 16. ബ്ലോക്ക് | : | പള്ളുരുത്തി |
| 17. താലൂക്ക് | : | കൊച്ചി |

# ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻതോട്
## കണ്ടക്കടവ്, അണ്ടിക്കടവ്, കൊച്ചി 08

എറണാകുളം ജില്ലയിലെ തെക്കു പടിഞ്ഞാറേ അറ്റത്ത് സ്ഥിതി ചെയ്യുന്ന മത്സ്യ ഗ്രാമമാണ് ചെല്ലാനം. കേരളത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമുദ്ര തീരമുള്ള പഞ്ചായത്തുകളിൽ ഒന്ന്. ചെല്ലാനം ഗ്രാമത്തിലെ ഏക സർക്കാർ വിദ്യാലയ മാണ് ഗവ. ഹയർ സെക്കന്ററി സ്കൂൾ, പുത്തൻതോട്. ഈ നാടിന്റെ സാംസ്കാരിക, സാമൂഹികം വിദ്യാഭ്യാസ ഭൂമികയിൽ നൂറ്റിപതിനേഴുവർഷം അടയാളപ്പെടുത്തിക്കൊണ്ട് ഗവ. ഹയർ സെക്കന്ററി സ്കൂൾ, പുത്തൻതോട്. അതിന്റെ ജൈത്രയാത്ര തുടരുന്നു. പഠനത്തിലും പഠനാനുബന്ധ പ്രവർത്തന ങ്ങളിലും മികവുതെളിയിച്ചുകൊണ്ട് രാജകീയ പ്രൗഢിയോടെ നമ്മുടെവിദ്യാലയം ശിരസ്സുയർത്തി നിലകൊള്ളുന്നു.

പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ ഏകദേശം 1500 ഓളം കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. ഹെഡ്മിസ്ട്രസ് ശ്രീമതി ആസ്യ സി പി യുടെ നേതൃത്വത്തിൽ 40 അധ്യാപകരും, 6 അനധ്യാപകരും പ്രവർത്തിച്ചു വരുന്നു. പത്താം തരത്തിൽ തുടർച്ചയായി 100% വിജയം ആവർത്തിച്ച് നാം മുന്നേറുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കുട്ടികളുടെ ഭാഷാശേഷി, സർഗശേഷി ഗണിതശേഷി തുടങ്ങിയ വികാസമേഖലകളെ പരി പോഷിപ്പിക്കുന്ന 13 പ്രവർത്തന ഇടങ്ങളോടുകൂടിയ വർണ്ണക്കൂടാരം നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനമാണ്.

2 വിൽ സയൻസ്, കൊമേഴ്സ്, ഹുമാനിറ്റീസ് വിഷയങ്ങളിലായി നാലുബാച്ചു കൾ ഇവിടെ പ്രവർത്തിക്കുന്നു. ഒന്നും രണ്ടും വർഷങ്ങളിലായി 480 ഓളം കുട്ടികൾ അധ്യയനം നടത്തിവരുന്നു.

കിഫ്ബി പദ്ധതിപ്രകാരം 5 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ച ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിട സമുച്ചയം, 10 ലക്ഷം രൂപ മുതൽ മുടക്കിൽ STARS പദ്ധതിയിൽ സാക്ഷാത്ക്കരിച്ച വർണ്ണക്കൂടാരം തുടങ്ങിയവ സ്കൂളിൽ പുതുതായി വന്നു ചേർന്ന സൗഭാഗ്യങ്ങളാണ്. കുട്ടികളിലെ പോഷക പരിപോഷണം ഉറപ്പുവരുത്തുന്നതിലേക്കായി ബഹു. എം എൽ എ. ശ്രീ. കെ ജെ മാക്സി അവർകളുടെ താൽപര്യപ്രകാരം ആരംഭിച്ച പ്രഭാതഭക്ഷണം പദ്ധതി വിജയകരമായി തുടരുന്നു.

സ്കൂളിന്റെ ഭൗതികവും, സാംസ്കാരികവുമായ ഉയർച്ചയ്ക്കും പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണ നൽകി എന്നും എപ്പോഴും കൂടെ നില്ക്കുന്ന പി ടി എ നമ്മുടെ ശക്തിസ്രോതസ്സാണ്.

കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നമ്മുടെ വിദ്യാലയത്തിൽ രണ്ട് സ്കൂൾ ബസ്സേവനം ലഭ്യമാണ്. കുട്ടികളിലെ പോഷക പരിപോഷണം

ഉറപ്പുവരുത്തുന്നതിലേക്കായി ബഹു.MLA ശ്രീ.  കെ ജെ മാക്സി അവർകളുടെ താൽപര്യ പ്രകാരം ആരംഭിച്ച പ്രഭാതഭക്ഷണം പദ്ധതി ഈ വർഷവും വിജയകരമായി തുടർന്നു വരുന്നു.

മികച്ച ലൈബ്രറി, ശാസ്ത്രലാബ് കമ്പ്യൂട്ടർ ലാബ് എന്നിവ നമ്മുടെ സമ്പത്താണ്. ജലവിഭവവകുപ്പ് എറണാകുളം ജില്ലയിൽ അനുവദിച്ച രണ്ട് ലബോറട്ടറികളിൽ ഒന്ന് നമ്മുടെ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

പുത്തൻതോട് സ്കൂളിന്റെ മുഖച്ഛായ തന്നെ മാറിയത് ഇവിടുത്തെ കായിക രംഗം കൈവരിച്ച നേട്ടങ്ങളുടെ പേരിലാണ്. ടെന്നീസ്, ഖോ ഖോ തുടങ്ങി വിവിധ കായിക ഇനങ്ങളിൽ ദേശീയതലങ്ങൾ വരെയുള്ള താരങ്ങളെ സൃഷ്ടിക്കാൻ കായികാധ്യാപകനായ ശ്രീ. ഷിറ്റോ പി ജോസിന്റെ നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഏക സിന്തറ്റിക്ക് ടെന്നീസ് കോർട്ട് പുത്തൻതോട് സ്കൂളിന് സ്വന്തം. സ്കൂളിന് പിറക് വശത്തുള്ള 85 സെന്റ് സ്ഥലം ഏറ്റെടുത്ത് വിനി യോഗിക്കുന്ന കാര്യം പരിഗണനയിലാണ്. കായികവികസന സമിതിയുടെ ശ്രമ ഫലമായി 45:15 മീറ്റർ നീളത്തിൽ വരുന്ന സ്ഥലം ഒന്നേകാൽ ലക്ഷം രൂപ ചിലവഴിച്ച് കളിസ്ഥലമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പൂർണമായും കളിസ്ഥലമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട റവന്യൂ അധികൃതർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പിന്തുണയോടെ പുരോഗമിച്ചു വരുന്നു.

**ക്ലബ്ബുകൾ പ്രവർത്തനങ്ങൾ:**

നമ്മുടെ വിദ്യാലയത്തിൽ നിരവധിയായ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ ക്ലബ്ബും അവരവരുടെ പ്രർത്തനങ്ങൾ ഏറ്റവും ഭംഗിയായി നടത്തി വരുന്നു. ലഹരി മുക്ത കേരളം എന്നസർക്കാരിന്റെ പരിപാടിയിൽ നമ്മുടെ വിദ്യാലയത്തിലെ ലഹരി വിരുദ്ധ ക്ലബ്, എസ് പി സി, ടീൻസ് ക്ലബ്, ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ലഹരിക്കെതിരെയുള്ള ഗോൾ SPC ചലഞ്ച്, റാലി, സംസ്ഥാന ആഭ്യന്തര വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന ഉണർവ്വ് 24 എന്നീ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്.

**SPC യൂണിറ്റ്** വർഷങ്ങളായി മികച്ചപ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ജില്ലയിലെ മികച്ച എസ് പി സി യൂണിറ്റ് അവാർഡ്  കരസ്ഥമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

**ലിറ്റിൽകൈറ്റ്സിന്റെ** ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കോർത്തിണക്കിക്കൊണ്ട് തയ്യാറാക്കി വരുന്ന കണ്ണാടി ദ്വൈവാര മുഖപത്രം നമ്മുടെ അഭിമാനമാണ്. സ്കൂളിലെ വിവിധ പരിപാടികൾ ഡോക്യുമെന്റ് ചെയ്ത് ലഭ്യമാക്കുന്ന ഈ പ്രവർത്തനത്തിൽ ലിറ്റിൽ കൈറ്റ് ജാഗരൂകമാണ്. ഇത് മാതൃകാപ്രവർത്തനമായി ലിറ്റിൽ കൈറ്റ്സ് സംസ്ഥാന നേതൃത്വം ഏറ്റെടുത്തത് നമുക്ക് അഭിമാനകരമാണ്.

**സൗഹൃദ ക്ലബ്ബ്**

കൗമാരക്കാരുടെ വിവിധങ്ങളായ പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കാൻ രൂപീകൃതമായ സൗഹൃദ ക്ലബ്ബ് ഈ വർഷവും വ്യത്യസ്തങ്ങളായ പരിപാടിയിലൂടെ ശ്രദ്ധേയമായി. പുതു തലമുറയുടെ മാറ്റങ്ങളെ ഉൾക്കൊള്ളാൻ രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്ന മക്കളെ അറിയാൻ എന്ന പരിപാടി മികവുറ്റതാക്കി.

ഇതു കൂടാതെ വളരെ നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഇക്കോ ക്ലബ്, ടീൻസ് ക്ലബ്, വിദ്യാരംഗം കലാസാഹിത്യ വേദി, ഫിലിം ക്ലബ്, ലഹരിക്കെതിരെ വിമുക്തി, സ്കൂൾ പരിസരശുചിത്വം ഉറപ്പു വരുത്തുന്നതിലേക്ക് ശുചിത്വ പാർലമെന്റ് തുടങ്ങി നിരവധി ക്ലബുകൾ സ്കൂളിൽ സജീവമാണ്.

**ദിനാചരണങ്ങൾ:**

പരിസ്ഥിതി ദിനാചരണത്തോടെ ഈ വർഷത്തെ ദിനാചരണങ്ങൾക്ക് തുടക്കം കുറിച്ചു. എല്ലാ ദിനാചരണങ്ങളും വളരെ ഭംഗിയായി നടത്താൻ സാധിച്ചു. ഇതിൽ അന്താരാഷ്ട്ര ഭക്ഷ്യദിനവുമായി ബന്ധപ്പെട്ട് നടത്തിയ ഭക്ഷ്യമേള, കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് നടത്തിയ മലയാള ഭാഷാവാരാചരണം, യുദ്ധവിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന സമാധാന സംഗമം എന്നിവ സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിരുന്നു.

**കലോത്സവം**: മൂന്നു ദിനങ്ങളിലായി നടന്ന സ്കൂൾതല കലോത്സവം - വളരെ ചിട്ടയായും സമയബന്ധിതമായും നടത്തിവരുന്നു. ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ നാം മികച്ച വിജയം കരസ്ഥമാക്കി. ഉപജില്ലയിലെ ഏറ്റവും കൂടുതൽ പോയന്റ് കരസ്ഥമാക്കുന്ന സർക്കാർ സ്കൂൾ നമ്മുടേതാണ്.

**ശാസ്ത്രോത്സവം** : മട്ടാഞ്ചേരി ഉപജില്ല- ജില്ല ശാസ്ത്രോത്സവത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഐ ടി, പ്രവൃത്തിപരിചയം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം, എന്നീ മേഖലകളിൽ നടന്ന വിവിധ മത്സരങ്ങളിൽ നമ്മുടെ സ്കൂളിൽ നിന്നും കുട്ടികൾ പങ്കെടുത്ത് മികച്ച ഗ്രേഡ് കരസ്ഥമാക്കി.

**കായികം**

കായിക രംഗത്ത് നാം പതിപ്പിച്ച മുദ്രകൾ ചരിത്രമാവുകയാണ്. പിന്നിട്ട വർഷം ടെന്നീസിൽ സ്വർണം വെള്ളി വെങ്കലം സ്ഥാനങ്ങൾ കരസ്ഥമാക്കി. റെസലിംഗിൽ നാം സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഖോ ഖോയിൽ നാം ജില്ല ജേതാക്കളായി. ഉപജില്ലയിൽ തുടർച്ചയായി മൂന്നാം വർഷവും അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് നാം കരസ്ഥമാക്കി. ടെന്നീസ്, ഖോ ഖോ, തുടങ്ങി വിവിധ ഇനങ്ങളിലായി 42 പേരാണ് സംസ്ഥാനതലത്തിൽ മാറ്റുരച്ചത്.

**സംഗ്രഹം**

ചെല്ലാനം പോലുള്ള തീരദേശമേഖലയിലെ സാധാരണ ജനങ്ങളുടെ ആശയും ആവേശവുമായി എക്കാലവും ആ വിഭാഗത്തോട് ചേർന്നു നിൽ

ക്കാനും കേവലം ഭൗതികമായ അന്തർദേശീയ നിലവാരമെന്ന സങ്കൽപ്പത്തിന പ്പുറം ചിന്തയിലും കാഴ്ചപ്പാടിലും മൂല്യങ്ങളിലും നിലവാരം പുലർത്താൻ കഴിയുന്ന വിധം നമ്മുടെ വിദ്യാർത്ഥികളെ മാറ്റിയെടുക്കാനും ഇനിയും ഉയരങ്ങളിലേയ്ക്ക് കുതിക്കാനും കഴിയട്ടെയെന്ന് പ്രത്യാശിക്കുന്നു. അതിലേക്കായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സവിനയം സമപ്പിക്കുന്നു,

## ഹൈസ്കൂൾ വിഭാഗം

### അക്കാദമികം

**നേട്ടങ്ങൾ**

കഴിഞ്ഞ പത്ത് വർഷത്തിനുമേലായി നാം പത്താംതരത്തിൽ 100% വിജയം കരസ്ഥമാക്കി വിജയം അനശ്വരമാക്കി. NMMS, LSS, USS മത്സപരീക്ഷകളിൽ മികച്ച സ്ഥിരതയാർന്ന വിജയം കരസ്ഥമാക്കാൻ പുത്തൻതോട് സ്കൂളിന് കഴിയുന്നു. തീവ്രപരിശീലന പരിപാടികളിലൂടെയാണ് പരീക്ഷകളിൽ നാം ഈ മിന്നും വിജയം സ്വന്തമാക്കുന്നത്. പ്രവർത്തനാധിഷ്ഠിത പഠനരീതിക്കാണ് പ്രാധാന്യം. അതിനുതകുന്ന പഠനതന്ത്രങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്.

**പരിമിതികൾ**

സ്ഥിരതയാർന്ന 100% വിജയം കരസ്ഥമാക്കുമ്പോഴും ഉയർന്നനിലവാരം പുലർത്തുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്. കുട്ടികളിലെ പഠന പിന്നാക്കവസ്ഥയ്ക്ക് അവരുടെ ജീവിത പരിസരം വലിയൊരു കാരണമാണ്. പ്രാദേശികമായ സാഹചര്യങ്ങൾ, രക്ഷിതാക്കളിലെ ശ്രദ്ധക്കുറവ്, കൈത്താങ്ങ് ഇല്ലായ്മ, സാമൂഹിക സാമ്പത്തിക കാരണങ്ങളെല്ലാം പഠനത്തെ സ്വാധീനി ക്കുന്നു. താഴ്ന്ന ക്ലാസുകളിൽ പ്രാഥമിക പാഠങ്ങൾ ശരിയായ വിധം ഉറയ്ക്കാക യാണ് പഠനപിന്നാക്കാവസ്ഥയ്ക്ക് പ്രധാനകാരണം. ഭാഷ പഠനത്തിന്റെ പ്രാഥമിക പാഠങ്ങൾ ഉറപ്പിക്കുകയും ക്രമമായി ഉയർന്ന തലത്തിൽ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ പരിഹാര ബോധനം നടത്തി വരുന്നു.

### ഭൗതികം

**നേട്ടങ്ങൾ**

പുതിയ അക്കാദമിക ബ്ലോക്ക്, മികച്ച ലൈബ്രറി, നവീകരിച്ച ആധുനിക സയൻസ് ലാബ്, സയൻസ് പാർക്ക് STREAM – പദ്ധതിയുടെ ഭാഗമായി ടാലന്റ് ലാബ് സുസജ്ജമായ രണ്ട് കമ്പ്യൂട്ടർ ലാബ്, വർണ്ണക്കൂടാരം പദ്ധതി, ഇരുപതോളം

സ്മാർട്ട് ക്ലാസ് റൂമുകൾ, അത്യന്താധുനിക മൾട്ടി മീഡിയ റൂം , ജില്ലയിലെ ഒരേ ഒരു സിന്തറ്റിക്ക് ടെന്നീസ് കോർട്ട്, ഒരേസമയം 400 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം, ശുചിത്വമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ ഏറ്റവും മികച്ച ഹരിതസ്കൂൾ പുരസ്ക്കാരം.

**പരിമിതികൾ**

വേലിയേറ്റ സമയത്തും ശക്തമായ മഴക്കാലത്തും സ്കൂൾ മുറ്റത്ത് രൂപം കൊള്ളുന്ന വെള്ളക്കെട്ട്, എല്ലാകുട്ടികൾക്കും പ്രയോജനപ്പെടുത്താൻ സൗകര്യമുള്ള കളിസ്ഥലം ഇല്ല, കാലപ്പഴക്കം വന്ന സ്കൂൾ ബസ്സ്, എല്ലാ ക്ലാസിലും സ്മാർട്ട് റൂമല്ല.

## അക്കാദമിക മികവിനായി 2025-26ൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തൽ
2. ഭാഷാശേഷി വികസനം
3. ഗണിത ശേഷി വികസനം
4. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
5. വായനാ ശേഷി വർദ്ധിപ്പിക്കൽ
6. ശാസ്ത്രപോഷണ പരിപാടി
7. ലാബോറട്ടറി പ്രവർത്തനങ്ങളുടെ വിപുലീകരണം
8. പ്രതിഭാപോഷണ പരിപാടി
9. ലൈബ്രറി ശാക്തികരണം
10. ജൈവ വൈവിധ്യപാർക്ക് - വിപുലീകരണം
11. അടുക്കളത്തോട്ടമൊരുക്കൽ – കൃഷി വിപുലമാക്കൽ
12. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
13. പഠനയാത്രകൾ

14. സ്കൂൾ പ്രത്രം, മാസിക
15. അധ്യാപക ശാക്തീകരണം - സ്കൂൾ തലം
**16.** പ്രവൃത്തി പരിചയ പരിശീലനം
17. കലാപരിപോഷണം
18. രക്ഷിതാക്കൾക്ക് ബോധവല്ക്കരണം.
19. ഡോക്യുമെന്ററി നിർമ്മാണം - വിജയൻ കനാൽ, പ്രാദേശിക മേഖലകൾ
20. സാഹിത്യ ശില്പശാലകൾ
21. മെഡിക്കൽ ക്യാമ്പുകൾ
22. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
23. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
24. ഭാഷാ ലാബ്
25. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
26. ഗവേഷണാത്മക പഠനം
27. കായികശേഷി വികസനം
28. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
29. ചോദ്യപേപ്പർ ശില്പശാല
30. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
**31.** ജന്മദിന പുസ്തകം
32. ചിത്രരചനാ ക്യാമ്പ്
**33.** ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ മേളകൾ
**34.** ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ
35. പഠനോത്സവം സംഘടിപ്പിക്കൽ

# ഹൈസ്കൂൾ

## ഉപമേഖല: മലയാള ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പിക്കൽ | **എന്റെ മലയാളം**<br>പ്രീടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി ചിഹ്നം, വായന, ലേഖനം, എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധപ്രവർത്തനങ്ങൾ നൽകൽ. ഭിന്നനിലവാരക്കാർക്ക് റിസോഴ്സ് ടീച്ചറുടെ സഹായത്തോടെ അനുരൂപീകരണം. പോസ്റ്റ്ടെസ്റ്റ് തുടർപ്രവർത്തനം വായനക്കേളികൾ | ജൂൺ – ആഗസ്റ്റ് | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് റിസോഴ്സ് ടീച്ചർ | SRG<br>PTA |
| 2.വായന നിലവാരം മെച്ചപ്പെടുത്തി മികച്ച വായനക്കാരാ ക്കുന്നതിന് | ഭാഷാ ക്ലാസിൽ എന്നും അഞ്ചുമിനിറ്റ് ഇഷ്ടം വായനക്ക് അവസരം നൽകുന്നു വിലയിരുത്തൽ മെച്ചപ്പെടുത്താൻ നിർദ്ദേശം മികച്ച വായനയ്ക്ക് സമ്മാനം | വർഷം മുഴുവൻ | ഭാഷാധ്യാപകർ | |
| 3 വായനമൂല ഒരുക്കൽ | അനുയോജ്യമായ രീതിയിൽ | ജൂൺ 19 | ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| വായന പ്രോത്സാഹിപ്പിക്കൽ<br><br>ക്ലാസ് ലൈബ്രറി ശാക്തീകരണം | പുസ്തകങ്ങൾ ആനുകാലികങ്ങൾ ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ സജ്ജീകരിച്ച് വായനമൂല ആകർഷകമാക്കി കുട്ടികൾക്ക് വായിക്കാൻ പ്രചോദനവും പ്രോത്സാഹനവും നൽകുന്നു<br><br>കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ നൽകി വായിക്കാൻ അവസരം നൽകുന്നു വായക്കുറിപ്പ് തയ്യാറാക്കാൻ വേണ്ട നിർദേശം നൽകുന്നു.<br>നല്ല വായനക്കുറിപ്പുകൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു. | വായനദിനത്തിൽ തുടക്കം വർഷം മുഴുവൻ<br><br>ജൂൺ 19 വായനദിനത്തിൽ തുടക്കം വർഷം മുഴുവൻ | ക്ലാസ് ടീച്ചേഴ്സ് ലൈബ്രേറിയൻ<br>വിദ്യാരംഗം - കലാസാഹിത്യ വേദി<br><br>ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | SRG<br>PTA<br>രക്ഷിതാക്കൾ |
| 4.പുസ്തകചർച്ചകൾ സംഘടിപ്പിക്കൽ<br><br>വായനക്കൂട്ടം രൂപീകരിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി വായിക്കാൻ പ്രേരിപ്പിക്കുന്നു പുസ്തകം സംഘചർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നു<br>പുസ്തകം വായിക്കാൻ താല്പര്യമുള്ള കുട്ടികളെ ചേർത്ത് വായനക്കൂട്ടം | മാസത്തിൽ ഒരിക്കൽ<br>സർഗ്ഗവേളകൾ പ്രയോജനപ്പെടുത്താം<br><br>ജൂൺ 19 വായനദിനത്തിൽ തുടക്കം | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ്<br><br>ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| | രൂപീകരിക്കുന്നു. | | | |
| 5 ഫീൽഡ് ട്രിപ്പ്<br>ഭാഷ, സംസ്കാരവും തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ/ മ്യൂസിയങ്ങൾ എന്നിവ സന്ദർശിച്ച് കാര്യങ്ങൾ നേരിട്ട് അറിയുവാൻ അവസരമൊരുക്കുക<br><br>സർഗാത്മകപ്രവർത്തനങ്ങൾക്ക് അധികം അവസരങ്ങൾ നൽകൽ | കേരളത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങൾ/സ്മാരകങ്ങൾ/മ്യൂസിയങ്ങൾ സന്ദർശിക്കാൻ അവസരം നൽകുന്നു. (കേരളകലാമണ്ഡലം/ഫോർട്ടുകൊച്ചി കഥകളി സെന്റർ/കേരള കലാമണ്ഡലം/ ഫോക്ലോർ മ്യൂസിയം, തേവര/ചരിത്ര മ്യൂസിയം, ഇടപ്പള്ളി<br><br>കൊച്ചിയിലെ ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുകയും ദൃശ്യയാത്രാവിവരണം നിർമ്മിക്കുകയും ചെയ്യുന്നു | വർഷത്തിൽ ഒന്നോ രണ്ടോ<br><br>വർഷത്തിൽ ഒന്നോ രണ്ടോ | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ്<br><br>ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് ലിറ്റിൽ. കൈറ്റ്സ് | PTA രക്ഷിതാക്കൾ<br><br>PTA രക്ഷിതാക്കൾ |
| 6. ശില്പശാലകൾ<br>സർഗാത്മക പ്രവർത്തനങ്ങൾക്ക് അധിക അവസരങ്ങൾ നൽകൽ | കഥകളുടെ വിവിധ മാതൃകകൾ പരിചയിക്കൽ<br>വിദഗ്ധരുടെ നേതൃത്വത്തിൽ ശില്പശാല കഥാകൃത്തുമായി ചർച്ച | ഓരോ ടേമിലും ഒന്ന് | ഭാഷാധ്യാപകർ | SRG<br>PTA |

| | | | | |
|---|---|---|---|---|
| 7. ഫിലിം ഫെസ്റ്റ്<br>നല്ല സിനിമകൾ കാണാനുള്ള അവസരം നൽകുന്ന അതിന്റെ ഭാഗമായി ഫിലിം ഫെസ്റ്റ് സംഘടിപ്പിക്കൽ | വിവിധ ക്ലാസുകളിലെ ഭാഷാപാഠങ്ങളുമായി ബന്ധപ്പെട്ട ശേഖരിക്കുന്ന ക്ലാസിക് സിനിമകളുടെ പ്രദർശനം<br>ആസ്വാദന ചർച്ച<br>സിനോപ്സ് നിർമ്മാണം | ഓരോ ടേമിലും രണ്ട് വീതം | ഭാഷാധ്യാപകർ ഫിലിം ക്ലബ് വിദ്യാരംഗം - കലാസാഹിത്യ വേദി<br>സാങ്കേതിക സഹായം ലിറ്റിൽ കൈറ്റ്സ് | SRG |
| 8. സർഗവേള<br>സർഗവേളകൾ കൂടുതൽ കാര്യക്ഷമമാക്കി വിദ്യാർഥികൾക്ക് കല സാഹിത്യം എന്നിവയിൽ അഭിരുചി വളർത്തുന്നതിന് | സർഗവേളകളിൽ വിദ്യാർഥികളുടെ കലാ-സാഹിത്യാഭിരുചി കണ്ടെത്തുന്നതിന് കുട്ടികളുടെ കലാപ്രകടനത്തിന് അവസരമൊരുക്കുന്നു<br>നല്ല പ്രകടനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു<br>കൂടുതൽ പരിശീലനങ്ങൾ നൽകുന്നു ( വെള്ളിയാഴ്ചകളിലെ സർഗ്ഗവേള മാസത്തിൽ ഒരിക്കൽ സാഹിത്യ പ്രവർത്തനത്തിന് )<br>വിദ്യാരംഗം സാഹിത്യവേദി | മാസത്തിൽ ഒരിക്കൽ -- വെള്ളിയാഴ്ചകളിലെ സർഗ്ഗവേള | ഭാഷാധ്യാപകർ ഫിലിം ക്ലബ് വിദ്യാരംഗം - കലാസാഹിത്യ വേദി<br>ഭാഷാധ്യാപകർ | |

| | | | | |
|---|---|---|---|---|
| വായന പ്രസംഗം കവിതാലാപനം എന്നിവയിൽ മികവിലേക്ക് ഉയർത്തുന്നതിന് | യുവജനോത്സവം തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുക്കാൻ വേണ്ട പ്രോത്സാഹനം നൽകുന്നു<br>കവിതാലാപനം പ്രസംഗം എന്നിവയിൽ കൂടുതൽ പരിശീലനം നൽകി മത്സരങ്ങൾക്കു പങ്കെടുക്കുന്നതിന് യോഗ്യരാക്കുന്നതിന്<br>ലൈബ്രറിയിൽ കാവ്യാലാപനം പ്രസംഗം എന്നിവയുടെ മികച്ച മാതൃകകൾ കേൾക്കാൻ അവസരം നൽകുന്നു.<br>വിദ്യാർഥികളുടെ ആലാപനവും അവതരണവും മെച്ചപ്പെടുത്താൻ വേണ്ട പരിശീലനം നൽകുന്നു | വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ അവസരം ലഭിക്കുമ്പോൾ എല്ലാം | ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം - കലാസാഹിത്യ വേദി<br>ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം - കലാസാഹിത്യ വേദി | |
| 9. പൊതുവിജ്ഞാനം വായന പ്രസംഗം കവിതാലാപനം എന്നിവയിൽ മികവിലേക്ക് ഉയർത്തുന്നതിന് | അസംബ്ലിയിൽ വായന, പ്രസംഗം, കവിതാലാപനം എന്നിവ നിർബന്ധമാക്കുന്നതിന് ക്ലാസ് അധ്യാപകരുടെ പിന്തുണ തേടുന്നു ആവശ്യമായ പരിശീലനം നൽകി | വർഷം മുഴുവൻ അവസരം ലഭിക്കുമ്പോൾ എല്ലാം | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| പത്രവായന ക്ലാസിൽ ദിവസവും സംഘടിപ്പിക്കുക പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ അനുയോജ്യമായ അവസരങ്ങൾ സൃഷ്ടിക്കുക | വിദ്യാർഥികളെ ഒരുക്കുന്നു.<br><br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുക<br>നിത്യവും ക്ലാസിൽ പത്രവായന ഉറപ്പാക്കുക<br>പ്രധാന വാർത്തകൾ ഉൾപ്പെടുത്തി പ്രശ്നോത്തരി തയ്യാറാക്കുക<br>വാരാന്ത്യത്തിൽ പ്രശ്നോത്തരി സംഘടിപ്പിച്ച് സമ്മാനം നൽകുക | വർഷം മുഴുവൻ | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | SRG<br>PTA<br>(പത്രം ലഭ്യമാക്കുന്നതിന് ) |
| 10. സാഹിത്യപ്രശ്നോത്തരി ഭാഷ സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ നേടുന്നതിന്<br><br>സാഹിത്യകാരൻമാർ നവോഥാനനായകർ എന്നിവരെ കൂടുതൽ അറിയുന്നതിന് | സാഹിത്യപ്രശ്നോത്തരി ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു<br>ഓരോ വാരവും അവസാനം പ്രശ്നോത്തരി സംഘടിപ്പിക്കുന്നു.<br><br>സാഹിത്യകാരന്മാർ സാംസ്കാരിക നവോത്ഥാന നായകർ എന്നിവരുടെ ഛായാചിത്രങ്ങൾ ലഘു ജീവചരിത്രക്കുറിപ്പ് സഹിതം തയാറാക്കി പ്രദർശിപ്പിക്കുന്നു | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം<br><br>ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം | |

| | | | | |
|---|---|---|---|---|
| 11. കയ്യെഴുത്തുമാസിക സർഗവാസനകളെ പ്രോത്സാഹിപ്പിച്ച് നല്ല എഴുത്തു മാതൃകകളിൽ മികവ് ഉണ്ടാക്കുന്നതിന് | വിവിധ ശില്പശാലകൾ പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി രൂപപ്പെടുന്ന സ്വതന്ത്ര രചനകൾ സമാഹരിച്ചു കൈയെഴുത്തു മാസിക തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാർഥികളെ ഉൾപ്പെടുത്തി പത്രാധിപസമിതി രൂപീകരിക്കുന്നു. സ്കൂൾ അസംബ്ലിയിൽ മാസിക പ്രകാശനം ചെയ്യുന്നു. | വർഷത്തിൽ ഒരിക്കൽ ജനുവരി- ഫെബ്രുവരി | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം | SRG PTA |
| 12. ദിനാചരണങ്ങൾ ഭാഷയും സാഹിത്യവുമായി കൂടുതൽ അടുപ്പിക്കുക | വായനപക്ഷം, കർഷകദിനം, കേരളപ്പിറവി, സാഹിത്യകാരൻമാരുടെ ജൻമദിനം, ചരമദിനം എന്നിവ വിവിധ പ്രവർത്തനങ്ങളോടെ സ്കൂൾ അസംബ്ലിയിലും ക്ലാസിലും സംഘടിപ്പിക്കുക | വർഷം മുഴുവൻ അതതു കാലങ്ങളിൽ | ഭാഷാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് വിദ്യാരംഗം | SRG PTA |

# ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library mafeeemo.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | ടീച്ചേർസ്, SRG |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിഷിക്കുന്നു.<br><br>Role play, English Day ആചരണം, സെമിനാർ, ചർച്ചകൾ പ്രശസ്തരായ ഉംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം<br><br>ക്ലാസ് റും പ്രവർത്തനങ്ങൾ, | ടീച്ചേർസ്, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>പി.ടി.എ, SRG, | ഇംഗ്ലീഷ് ക്ലബ് അധ്യാപകർ<br><br>പി.ടി.എ, ടീച്ചേർസ്<br><br>പി.ടി.എ, SRG , |

| | | | | |
|---|---|---|---|---|
| | | | ടീച്ചേർസ് | ടീച്ചേർസ്<br>ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br><br>ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, ഇംഗ്ലീഷ് പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റും പ്രവർത്തനങ്ങൾ<br><br>ക്ലാസ് പ്രവർത്തനങ്ങൾ വെക്കേഷൻ, | പി.ടി.എ, ടീച്ചേർസ്<br><br>പി.ടി.എ, SRG , ടീച്ചേർസ് ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി.ടി.എ,<br>മാനേജ്മെന്റ്<br>പി.ടി.എ,SRG, |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ശനിയാഴ്ചകൾ, ക്യാമ്പ് | | പി.ടി.എ,<br>ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് SRG, |
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നി തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ<br><br>ക്ലാസ് റും പ്രവർത്തന | | ഇംഗ്ലീഷ് SRG,<br>പി.ടി.എ,<br>മാനേജ്മെന്റ്<br>പി.ടി.എ, SRG, |

| | | | | |
|---|---|---|---|---|
| 6 സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br><br>Book Reviews,<br>രചനകളുടെ പ്രദർശനം (Magazine)<br><br>പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>English fest, English film കാണാനുള്ള അവസരം | ങ്ങൾ<br><br>പഠനപ്രവർത്തനങ്ങളായും പ്രത്യേകമത്സരങ്ങളായും<br><br>ശനിയാഴ്ചകൾ,/ വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ടുതവണ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം- ഓണം, ക്രിസ്മസ് അവധിക്കാലം<br><br>അക്കാദമിക വർഷത്തിൽ ഒന്ന്<br><br>ശനിയാഴ്ചകൾ,/ | | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ, SRG, ടീച്ചേർസ്<br>പി.ടി.എ,<br><br>ടീച്ചേർസ്<br>പി.ടി.എ, SRG ,<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി.ടി.എ,<br><br>പി.ടി.എ,SRG,<br><br>പി.ടി.എ, |

| | | | | |
|---|---|---|---|---|
| 7) സംവാദ സദസുകൾ സംഘടിഷിക്കുക | Native Speakers ഒപ്പം സമയം ചെലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>ഇപ്പോൾജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ടുതവണ | | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ, |

## ഉപമേഖല: ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക.<br><br>മാതൃഭാഷയെ പോലെ ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | പുതിയ വാക്കുകൾ നൽകുന്നു.<br><br>വാക്കുകളിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ചാർട്ടിൽ എഴുതി ഓർമ്മിപ്പിക്കുന്നു .<br><br>പാഠ ഭാഗങ്ങളിൽ നിന്ന് പുതിയ വാക്കുകളും അർത്ഥവും കണ്ട് പിടിക്കുന്നു . | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി | |

| | | | | |
|---|---|---|---|---|
| വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക. | കഥാ വായന കവിതാ വായന എന്നിവ പ്രോത്സാഹിപ്പിക്കുന്നു.<br><br>പാഠ ഭാഗത്തോടനുബന്ധിച്ചു പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ , സിനിമകൾ എന്നിവ കാണുവാൻ അവസരം നൽകുന്നു.<br><br>കഥ ,കവിത എന്നിവയോടെ നുബന്ധമായി പോസ്റ്റർ, ചാർട്ടുകൾ തയാറാക്കുക.<br><br>ഹൈക്കു കവിത രീതി പുതിയ രൂപം പരിചയപ്പെടുത്തുന്നു<br><br>ജൂലൈ 31 നു പ്രേംചന്ദ് ജയന്തി യോടനുബന്ധിച്ചു പ്രശ്നോത്തരി മത്സരം നടത്തുക<br><br>വ്യാകരണ ഭാഗങ്ങൾ പരിചയപ്പെടുത്തുക | ആഗസ്ത് വരെ<br><br>സെപ്തംബർ മുതൽ ഡിസംബർ വരെ | അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രശസ്ത കായിക താരങ്ങളെ പരിചയപ്പെടുത്തുക.<br><br>കലാകായിക രംഗത്ത് താൽപര്യം വർദ്ധിപ്പിക്കുക. | പരീക്ഷയോടനുബന്ധിച്ചു ഒൻപതാം ക്ലാസിൽ മുൻകാല ചോദ്യ പേപ്പർ പരിചയപ്പെടുത്തുക<br><br>അന്താക്ഷരി ഹിന്ദിയിൽ പരിചയപ്പെടുത്തുന്നു .<br><br>പാഠഭാഗത്തോടനുബന്ധിച്ച് പ്രശസ്ത കായിക താരങ്ങളെ പരിചയപ്പെടുത്തുക<br><br>അഭിനയത്തോടുള്ള അഭിരുചി വർധിപ്പിച്ചു കൊണ്ട് ഹിന്ദി ഭാഷയിൽ താൽപര്യം ജനിപ്പിക്കുക | ഒക്ടോബർ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | |

## ഉപമേഖല – അടിസ്ഥാനശാസ്ത്രം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | പിടിഎ |

| | | | | |
|---|---|---|---|---|
| | 2.പരീക്ഷണങ്ങൾ പൊതു സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കൽ<br><br>3.സ്കൂൾ തല സയൻസ് എക്സിബിഷൻ<br><br>4.ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം- സർവ്വേ അഭിമുഖം നിരീക്ഷണം | വർഷത്തിൽ 1 തവണ<br><br>വർഷത്തിൽ 1 തവണ<br><br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | പിടിഎ<br><br>പിടിഎ<br><br>പിടിഎ |
| 2. ശാസ്ത്ര കൗതുകം | ശാസ്ത്രജ്ഞന്മാരെ അറിയാൻ - ആൽബം തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് വിദ്യാർത്ഥികൾ | അധ്യാപകർ |
| 3. ശാസ്ത്ര വിസ്മയം | പാഠഭാഗവുമായി ബന്ധപ്പെട്ടപഠനോപകരണനിർമ്മാണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | വിദ്യാർത്ഥികൾ | അധ്യാപകർ |
| 4. ശാസ്ത്രാവബോധം വളർത്തൽ | ലാബ് നവീകരണം<br>ഫിസിക്സ് കെമിസ്ട്രി ബയോളജി ലാബുകളായി വേർതിരിക്കുന്നു | രണ്ടുമാസം | സയൻസ് അധ്യാപകർ | ജില്ലാ പഞ്ചായത്ത് |
| 5. ശാസ്ത്രമേളകളിൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് | 3 മാസം | സയൻസ് ക്ലബ് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | പരമാവധിപ്രോത്സാഹനം നൽകൽ | | | |
| 6. പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി,<br>കുട്ടി - കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ ഒരു തവണ ജൂൺ മുതൽ ഒരു വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |
| 7. മോഡൽ നിർമ്മാണം (ശില്പശാല), ഹെർബേറിയം തയ്യാറാക്കൽ | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | ഒരു മാസം | സയൻസ് അധ്യാപകർ വിദ്യാർത്ഥികൾ | പിടിഎ |

## ഉപമേഖല – സാമൂഹ്യശാസ്ത്രം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1 സാമൂഹ്യശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് കടങ്കഥകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷം ആരംഭം (ജൂൺ) | സാമൂഹികശാ സ്ത്ര അധ്യാപകർ | |
| 2 പഠിതാക്കളെ | വെർച്ചൽ ഫീൽഡ് ട്രിപ്പ് ഐസിടി | അക്കാദമിക വർഷ | സാമൂഹികശാ | |

| | | | | |
|---|---|---|---|---|
| ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക | സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ആരംഭം | സ്ത്ര അധ്യാപകർ | |
| 3 ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്നും ജനാധിപത്യ വേദികളിലേക്ക് ഗ്രാമസഭ വാർഡ് എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെഅടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹികശാ സ്ത്ര അധ്യാപകർ | |
| 4 പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളി ൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിദുരന്തങ്ങൾ നേർക്കാഴ്ച പ്രകൃതിദുരന്തങ്ങളുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത കുട്ടികളെ മനസ്സിലാക്കുന്നു ബോധവൽക്കരണ ക്ലാസുകളിലൂടെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സന്നദ്ധരാകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹികശാസ് ത്രഅധ്യാപകർ | അഗ്നിശമനാ സേനാംഗങ്ങൾ പോലീസ് എന്നിവയെ കൂടാതെ വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കു ന്നതിന് 1000 രൂപ |
| 5 വിവിധ വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറി ച്ചും ക്രിമിനൽ | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് | സാമൂഹികശാസ് ത്രഅധ്യാപകർ | ക്ലാസ് സംഘടിപ്പിക്കു ന്നു ക്ലാസ് സംഘടിപ്പിക്കു |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുന്നു | രക്ഷിതാക്കൾക്കും | | | ന്നതിന് 1000 രൂപ |
| 6 വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുക | ട്രിപ്പ് സർവേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാടുകൾ കണ്ടൽക്കാടുകൾ ജലാശയങ്ങൾ തണ്ണീർത്തടങ്ങൾ കാവുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | ഒക്ടോബർ | സാമൂഹികശാസ്ത്രഅധ്യാപകർ | ഫീൽഡ് ട്രിപ്പിന് വരുന്ന ചെലവ് 5000 രൂപ |
| 7 സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സാധിക്കുന്നു സിവിൽ സർവീസ് പരീക്ഷകൾ വരെ എഴുതാനുള്ള ആഗ്രഹം ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു എൽഎസ്എസ് യുഎസ്എസ് എൻ എം എം എസ് പരിശീലനവും നൽകുന്നു ക്കുന്നു | അക്കാദമിക വർഷം മുഴുവൻ | സാമൂഹികശാസ്ത്രഅധ്യാപകർ | പൊതുവിജ്ഞ ാനം നൽകുന്ന പുസ്തകങ്ങൾ വാങ്ങുന്നതിന് |
| 8 ചരിത്രാവബോധ മുള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ട്രിപ്പുകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷാരംഭത്തിൽ | സാമൂഹികശാസ്ത്രഅധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | പ്രത്യേകം തിരഞ്ഞെടുത്ത തീയതികളിൽ | | |
| 9 ജനാധിപത്യം പൗരബോധം മൂല്യബോധം എന്നിവ വളർത്തുക | പാർലമെൻറ് പാർലമെൻറ് പൗരാവബോധം സാമൂഹ്യ സേവനങ്ങൾ ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹികശാസ്ത്രഅധ്യാപകർ | |
| 10 സാമൂഹ്യശാസ്ത്ര ത്തിൽ പരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്ആകാശക്കാഴ്ചകൾ കൗതുക എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവൻ | സാമൂഹികശാസ്ത്രഅധ്യാപകർ | ലാബിലേക്കുള്ള സാധനങ്ങൾ വാങ്ങുന്നതിന് |
| 11 ഭൂപടം വായന തലനിർണയം എന്നിവ നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ ഐസിടിയുടെയും മാപ്പ് ഗ്ലോബ് അറ്റ്ലസ് എന്നിവയുടെ | വർഷം മുഴുവനും | | ക്കുന്നു വർഷം മുഴുവനും മോഡലുകളും ചിത്രങ്ങളും |

| | | | | |
|---|---|---|---|---|
| | സഹായത്തോടെ പഠിക്കുവാൻ സഹായി | | | നിർമ്മിക്കുന്നതിന്<br>2000 രൂപ |
| 12 കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹിശാസ്ത്രവു മായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല<br><br>പരിപോഷിപ്പിക്കുന്ന ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവ സംഘടിപ്പിക്കുന്ന വീഡിയോ പ്രദർശനം പ്രോജക്ട് റും ചരിത്ര സിനിമ പ്രദർശനം പ്രകൃതി വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കുക വ്യത്യസ്തയിനം മണ്ണിനങ്ങൾ സമുദ്രങ്ങൾ ആറ്റുകൾ പർവ്വതങ്ങൾ ഇവയുടെയെല്ലാം മോഡലുകളും ചിത്രങ്ങളും നിർമ്മിച്ച് ചരിത്ര ലാബ് ക്രമീകരിക്കുന്നു കണ്ടും കേട്ടും തൊട്ടറിഞ്ഞു പഠനം ഹരമാക്കി മാറ്റുന്നു | ഡിസംബർ | | |

## ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1) ആശയ ധാരണ<br>കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രി ടെസ്റ്റ് നടത്തി ലിസ്റ്റ്<br>തയ്യാറാക്കൽ,<br>മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ,<br>മുന്നോക്കം<br>നിൽക്കുന്ന<br>കുട്ടികൾ | |
| 2 നിർമ്മിതികളിലെ<br>ശേഷി<br>കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത,<br>ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3 ഗണിതത്തെ നിത്യജീ<br>വിതവുായി ബന്ധിരിച്ച്<br>ആശയങ്ങളുടെ<br>പ്രാധാന്യം<br>ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ്  സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ,<br>പി.ടി.എ | പി.ടി.എ |
| 4 ഗണിത<br>ആശയങ്ങളിൽ<br>നിന്നും ഉടലെടുക്കുന്ന<br>ഗണിത രൂപങ്ങൾ,<br>അളവു<br>കൾ ഉവ<br>പരിചയകഷ്വെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർ<br>ത്തനങ്ങൾ സംഘടിപ്പി<br>ക്കുന്നു. | അക്കാദമിക വർഷത്തിൽ<br>ഒന്ന് | അധ്യാപകർ,<br>ഗണിത ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| 5 സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവന് | പി.ടി.എ |
| 6 അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ,ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ<br><br>പ്രസിഡണ്ട് | പി.ടി.എ |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ ക്ലബ് സെക്രട്ടറി, | ഗണിത ക്ലബ് |
| 8) ഗണിത മത്സരവേദിയിലേക്ക്:<br>മേളകളിൽ മികവ് കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | | | | |
| 9 ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപ കരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10 രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM പി.ടി.എ. | |

## ഉപമേഖല – കലാപഠനം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗാത്മ വാസനകളെ പരിപോരിഷിപ്പിക്കുക | സംഗീതം, ചിത്രരചന, നാടകം, സിനിമ, നൃത്തം എന്നീ അഞ്ചു മേഖലകളിൽ സർഗാത്മകശേഷിയുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ആർട്സ് ക്ലബ് രൂപീകരണം.<br>ഓരോ ആഴ്ചയിലും ക്ലാസ്തല സർഗ്ഗ വേളകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ. | എസ് ആർ ജി കലാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങളിൽ കലാപ്രകടനത്തിന് പ്രാധാന്യം നല്കുന്നതിന് | എല്ലാ മാസവും ഏതെങ്കിലും ഒരു ദിവസം പിന്നണി സംഗീതത്തോട് കൂടെയുള്ള കരോക്കെ ഗാനമേള സംഘടിപ്പിക്കും.<br>എല്ലാ പ്രധാന ദിനങ്ങളിലും അതിനോടനുബന്ധിച്ച കലാപ്രവർത്തനങ്ങൾ നടക്കും.<br>ഉദാഹരണം വായനദിനം, യോഗദിനം, ലഹരി വിരുദ്ധ ദിനം, റിപ്പബ്ലിക് ദിനം.<br>ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച് ക്യാൻവാസിൽ പ്രകൃതി ചിത്രങ്ങൾ വരയ്ക്കുന്നു. | | | |
| സംഗീതരൂപങ്ങളെയും വിവിധ സംഗീത ഉപകരണങ്ങളെയും കുറിച്ച് കൂടുതൽ അറിയുന്നതിന് | ജൂലൈയിൽ മാപ്പിളപ്പാട്ട് ഗസൽ എന്നീ സംഗീതരൂപങ്ങളെ കുറിച്ച് കൂടുതൽ അറിയുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കുന്നു,<br>ജൂലൈ 29 വാങ്കോഗോർമദിനം, ജൂലൈ 31 കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം.<br>ഈ രണ്ടു ദിനങ്ങളിലും ഈ ചിത്ര കലാകാരന്മാരെ | ജൂലൈ | എസ് ആർ ജി കലാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| ചിത്രരചനയെ കുറിച്ച് കൂടുതൽ അറിയുന്നതിന് | പരിചയപ്പെടുത്തിക്കൊണ്ടുള്ള അവതരണ., കുട്ടികൾ വരച്ച കാർട്ടൂൺ ചിത്രപ്രദർശനം,<br>ചിത്രരചനയെ കുറിച്ച് കൂടുതൽ അറിയുന്നതിന് വേണ്ടി ചിത്രകലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് വർഷോപ്പുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ | | |
| വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ. | ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾ സംഘമായി ദേശഭക്തിഗാനം ആലപിക്കുന്നു. | ആഗസ്റ്റ്. | എസ് ആർ ജി കലാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | |
| ദൃശ്യമാധ്യമ സാങ്കേതികവിദ്യകൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുള്ള മനസ്സിലാക്കൽ. | പാഠഭാഗങ്ങളിൽ കൊടുത്തിട്ടുള്ള സിനിമയുടെ പ്രദർശനം.<br>കുട്ടികൾക്ക് കലോത്സവത്തിന് വേണ്ട പരിശീലനങ്ങൾ നൽകുന്നു. | സെപ്റ്റംബർ. | എസ് ആർ ജി കലാധ്യാപകർ ഫിലിം ക്ലബ് | |
| സാംസ്കാരികതയെ മനസ്സിലാക്കാൻ | ഒക്ടോബർ 2 ഗാന്ധിജയന്തി, രാജാരവിവർമ്മ സ്മൃതി ദിനം .<br>അതിനോടനുബന്ധിച്ച് രാജാ രവിവർമ്മ ചിത്രങ്ങളുടെ ദൃശ്യാവിഷ്കാരം, | ഒക്ടോബർ. | | |

| | | | | |
|---|---|---|---|---|
| | ഗാന്ധിജിയും പ്രധാന സംഭവങ്ങളും അവതരണം, | | | |
| കേരളീയ സാംസ്കാരികതയെ മനസ്സിലാക്കാൻ | നവംബർ 1<br>കേരളപ്പിറവിയോടനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിലുള്ള നാടൻ പാട്ടുകൾ നാടൻ വാദ്യോപകരണങ്ങളുടെ സഹായത്തോടു കൂടെ ഉള്ള അവതരണം,<br><br>കഥകളി കൂടിയാട്ടം ചാക്യാർകുത്ത് എന്നീ കലാരൂപങ്ങൾ എന്നീ കലാരൂപങ്ങളുടെ പ്രദർശനം,<br>പാഠഭാഗത്തിലെ പാട്ടുകളോടൊപ്പം ആവിഷ്കാരം, | നവംബർ. | എസ് ആർ ജി<br>കലാധ്യാപകർ<br>ക്ലാസ് ടീച്ചേഴ്സ്<br><br>പ്രാദേശിക കലാകാരന്മാർ | പി ടി എ |
| അഭിനയ സാധ്യതകൾ അറിയുന്നതിന് | അഭിനയ സാധ്യതകൾ അറിയുന്നതിന് വേണ്ടിയുള്ള നാടക ക്യാമ്പുകൾ ഏകാന്ത നാടകങ്ങൾ ബാലെ എന്നിവ അവതരിപ്പിക്കുന്നു,<br>പ്രശസ്ത നാടക കലാകാരന്മാരായ കാവാലം നാരായണപ്പണിക്കർ, വയലാർ വാസുദേവൻ പിള്ള എന്നിവരുടെ നാടക പ്രദർശനം, | ഡിസംബർ. | എസ് ആർ ജി<br>കലാധ്യാപകർ<br>ക്ലാസ് ടീച്ചേഴ്സ് | പി ടി എ |

| | | | | |
|---|---|---|---|---|
| | സ്കൂൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഷോർട്ട് ഫിലിം നിർമ്മാണം, ഫിലിം ക്ലബ്ബ് രൂപീകരണം, | | | |
| പൊതുവേദികളിൽ ആത്മവിശ്വാസത്തോടെ ഭയമില്ലാതെ കലാപ്രകടനം നടത്തുന്നതിനുള്ള ശേഷി നേടുന്നതിന് | ജനുവരി ഒന്നു മുതൽ ഏഴ് വരെ കുട്ടികളുടെ നാടകവാരത്തോടനുബന്ധിച്ച് ക്ലാസ് തല നാടകങ്ങൾ.<br>കുട്ടികൾ പാഠഭാഗത്തെ കഥകൾ ചെറു നാടകങ്ങളാക്കിയുള്ള അവതരണങ്ങളും അതിന്റെ വീഡിയോ ഷൂട്ടും നടത്തും.,<br><br>ജനുവരി 23 ദേശീയ കയ്യെഴുത്ത് ദിനത്തോടനുബന്ധിച്ച് വിവിധ കയ്യെഴുത്തുകളെ സംബന്ധിച്ച പരിശീലന വർഷോപ്പ് നടക്കും.<br>ഉദാഹരണം കോളിഗ്രാഫി ടൈപ്പോഗ്രഫി., | ജനുവരി മുതൽ മാർച്ച് വരെ. | എസ് ആർ ജി കലാധ്യാപകർ ക്ലാസ് ടീച്ചേഴ്സ് | പി ടി എ |
| | ഫെബ്രുവരി 13 ഓ എൻ വി കുറുപ്പിന്റെ ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതാലാപനവും, നൃത്താവിഷ്കാരവും. | ഫെബ്രുവരി. | എസ് ആർ ജി കലാധ്യാപകർ | |

# ഉപമേഖല – മലയാളം യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർ ത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനു ഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | പി.ടി.എ, സ്കൂൾ<br>ക്ലാസ് ലീഡർ മാർ,<br>സ്കൂൾ ലീഡർ, ലല<br>യാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് |
| 2 പഠിതാവിൽ അർഥ പൂർണ്ണമായ വായന ഉറപ്പ് വളർത്തുക. | **ഭാഷാകേളി;** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്നവരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവവളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്;** അക്ഷരങ്ങളും ചിഹനങ്ങളും ഉൾകെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | പി.ടി.എ.<br>മലയാളം ക്ലബ്ബ്<br>പി.ടി.എ<br>വിവിധ ക്ലബ്ബുകൾ, |

| | | | | |
|---|---|---|---|---|
| 2 പഠിതാവിൽ അർഥ പൂർണ്ണമായ വായന ഉറപ്പ് വളർത്തുക. | **വാർത്താലോകത്തേക്ക്;**<br><br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>**വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.<br><br>**സംവാദം മുഖാമുഖം:** | ജൂൺ മാസം<br><br>എല്ലാദിവസവും<br><br>പ്രതിമാസം<br><br>വർഷത്തിൽ | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| 3 സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകുല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ.<br><br>4 മലയാളം കമ്പ്യൂട്ടറിംങ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br><br>**ഇ-കമ്പ്യൂട്ടറിംഗ്;**<br><br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീ ലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.<br><br>**രംഗാവിഷ്കാരം:**<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെ ചൊൽ ക്കാഴ്ചകൾ,<br>ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ | മൂന്നുപ്രാവശ്യം<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം<br><br>രണ്ട് വർഷം<br><br>വർഷാവസാനം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ<br><br>മലയാളം, ഐ.ടി. അധ്യാപകർ<br><br>മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5 പഠിതാക്കളുടെ കലാവാ<br>സനകളെ<br>പരിപോഷിപ്പിക്കൽ.<br><br><br><br><br><br><br><br><br><br><br><br>6 കുട്ടികളുടെ റേഡിയോ<br>അവതരണമികവ്. | അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br><br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു.<br><br>**സ്കൂൾ റേഡിയോ**<br><br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു.<br>വായിച്ച പുസ്തകങ്ങളിൽ ആസ്വാദനം തയ്യാറാക്കി<br>അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപെട്ട വാർത്ത<br>കളുടെ അവതരണം നടത്തുന്നു.<br>സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | അക്കാദമിക് വർഷം<br><br><br><br><br><br><br><br><br><br><br><br>തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | മലയാളം അധ്യാപകർ | |

# ഉപമേഖല – ഇംഗ്ലീഷ് യു പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾഷിക്കുന്നു. ബന്ധഷെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിരിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow Me If You Can ഇംഗ്ലീഷിൽ നൽ കുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർ ത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾ ഷിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| 1 ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും | Missing Man അധ്യാപികയും വിദ്യാർ ത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾ | | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | പ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br><br>Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർ ണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽ കുന്നു.<br><br>Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br><br>One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് | ജൂൺ<br><br>ആഗസ്ത്<br><br>വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| .<br>2 ഭാവാത്മക വായന പരിശീലിഷിക്കുന്നു | പ്രോത്സാഹനം നൽകുന്നു.<br><br>I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്)<br><br>Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽനിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br><br>വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ<br><br>ജൂലൈ<br><br>സെപ്തംബർ<br><br>ടേിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3 തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു.<br><br>My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാനസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br><br>Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അനുരിക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിരിക്കുന്നു.<br><br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർ ശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർ ട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>Fun time Funda കടംകഥകൾ, കുസൃതി | മാസം തോറും<br><br>വർഷാവസാനം<br><br>ദിനാചരണങ്ങളിൽ<br><br>ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4 ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ചോദ്യങ്ങൾ,ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പി ക്കുവാൻ അവസരം നൽകുന്നു.<br><br>The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾ പ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് റോൾ പ്ലേ/ നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | എല്ലാ ഇംഗ്ലീഷ് പിരിഡും<br><br>വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# ഉപമേഖല – ഹിന്ദി യു പി

